സുകൂനോടു കൂടിയായാലും അല്ലെങ്കിലും ഉച്ചരിക്കുമ്പോൾ പൂർണമായും ഉച്ചരിക്കേണ്ട അഞ്ച് അക്ഷരങ്ങളാണ് ഖൽഖലത്തിൻെറ അക്ഷരങ്ങൾ. അവ قُطبُ جَدٌّ എന്നതിലെ അക്ഷരങ്ങളാകുന്നു.

അവ രണ്ട് വിഭാഗമാകുന്നു. ഒന്നാമത്തേതിൽ ഖൽഖലത്തിൻെറ അക്ഷരം വാക്കിന് ഇടയിൽ വരികയാണ്. ഉദാഹരണം: يَجْعَلُون ഇതിലെ ജ എന്ന അക്ഷരം തീർത്തും ജ് എന്നു തന്നെ വെളിവാക്കി പാരായണം ചെയ്യണം.

രണ്ടാമത്തേതിൽ ഖൽഖലത്തിൻെറ അറ്റം വാക്കിൻെറ അവസാനം വരികയാണ്. ഉദാഹരണം: قَرِيبْ ، لَقَدْ. ഇതിലെ ദ്, ബ് എന്നിവയും നേരത്തെ സൂചിപ്പിച്ചതുപോലെ വെളിവാക്കി പാരായണം ചെയ്യണം.

മൊത്തത്തിൽ ഈ അക്ഷരങ്ങൾ പാരായണത്തിനിടയിൽ എവിടെ വന്നാലും ഖ്, ത്, ബ്, ജ്, ദ്
എന്ന് മലയാളത്തിൽ ഉച്ചരിക്കുന്ന രീതിയിൽ പൂർണമായും ഉച്ചരി ക്കണം. ഉദാഹരണം:

مَجِيدْ . مُحِيطْ حَقْ رَقِيبْ يَجْعَلُونَ